**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1546** **14-07-2016-ൽ മറുപടിയ്ക്ക്**

**നികുതി ഇനങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള തുക**

| | ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിവിധ നികുതി ഇനങ്ങളിൽ നിന്നായി ഇതിനകം എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്; വ്യക്തമാക്കാമോ; | (എ) | വിവിധ നികുതി ഇനങ്ങളിൽ നിന്നായി ഇതിനകം പിരിഞ്ഞു കിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നികുതി ഇനം | പിരിഞ്ഞുകിട്ടാനുള്ള തുക (കോടി രൂപയിൽ) |
|---|---|
| വാണിജ്യ നികുതി | 6883.98 (31-03-2016-ലെ കണക്കനുസരിച്ച്) |
| ലാന്റ് റവന്യൂ | 186.96 (2016 മെയ് മാസം വരെ) |
| മോട്ടോർ വാഹന വകുപ്പ് | 1477.64 (31-12-2015-ൽ അവസാനിക്കുന്ന ക്വാർട്ടർ പ്രകാരം) |
| രജിസ്ട്രേഷൻ വകുപ്പ് | 30.30 (2016 മെയ് വരെ) |
| എക്സൈസ് വകുപ്പ് | 246.02 (31-03-2016 വരെ അബ്കാരി കുടിശ്ശിക ഇനത്തിൽ) |

| | | | |
|---|---|---|---|
| (ബി) | ഈ തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) | പിരിഞ്ഞുകിട്ടാനുള്ള തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.<br><br>1) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br><br>2) വിവിധ സ്റ്റേകളിൽ ഉൾപ്പെട്ട കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനും ടാർജറ്റ് പ്രകാരമുള്ള പിരിവ് പുരോഗതിയും സ്റ്റേ വെക്കേഷൻ പുരോഗതിയും വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3) രജിസ്ട്രേഷൻ വകുപ്പിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>4) മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>5) അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും, പല കേസ്സുകളിലും കുടിശ്ശികക്കാരുടെ വസ്തു വകകൾ ബോട്ട്-ഇൻ-ലാന്റ് ആയി ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന നികുതി സംബന്ധമായ കേസുകളിൽ അടിയന്തിരമായി തീർപ്പുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന നികുതി സംബന്ധമായ കേസുകളിൽ അടിയന്തിരമായി തീർപ്പുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.